കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/പി8-237/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ.

തീയതി : 09.06.2020

ഫോൺ : 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി8-237/2020 തീയതി : 09.06.2020

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 04.10.2018 മുതൽ 11.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | കെ.വി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 28.02.2020 മുതൽ 07.03.2020 വരെ | ശ്രീ. വിജയകുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. രാജേഷ് കെ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. റോയ് റ്റി. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീമതി. സുവർണ്ണ പ്രതാപൻ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| | | |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീ. വി. ജെ. പോൾ | 01.04.2018 മുതൽ 31.03.2019 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. വി. കെ. വിശ്വനാഥൻ | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വികസന കാര്യം | ശ്രീമതി. ഗീതാ ബാബു | 01.04.2018മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. പി. ആർ. രതീഷ് കുമാർ | 01.04.2018മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീമതി. ഷിബി ഓമനക്കുട്ടൻ | 01.04.2018മുതൽ 31.03.2019 വരെ |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. ജഗന്നാഥൻ. ബി | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ഐസക് സാം<br>ഡോ.ദീപ.എൽ | 01.04.2018മുതൽ 15.10.2018 വരെ<br>16.10.2018മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. നജ്ല നബീസത്ത് | 01.04.2018മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ (കളർകോട്) | ശ്രീ. സാംസൺ എസ്.<br>ശ്രീ. അഭിലാഷ്.എം.എ | 01.04.2018മുതൽ 31.12.2018 വരെ<br>01.01.2019 മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ (വാടയ്ക്കൽ) | ശ്രീ. അഭിലാഷ്.എം.എ | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. സുലേഖ റാണി | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ഷൈന ഹാഷിം<br>ശ്രീമതി. ശാലിനി.എസ് | 01.04.2018 മുതൽ 27.06.2018 വരെ<br>28.06.2018 മുതൽ 31.03.2019 വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഹഫ്സ ബീവി.എച്ച്<br>ശ്രീമതി.ജയന്തി.കെ<br><br>ശ്രീമതി.റാഷിദ.എ | 01.04.2018 മുതൽ 31.05.2018 വരെ<br>01.06.2018 മുതൽ 21.06.2018 വരെ<br>09.10.2018 മുതൽ 31.03.2019 വരെ<br>22.06.2018 മുതൽ 08.10.2018 വരെ |
| 9 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. സെൽമാ ബീവി | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-12 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 74.54 ലക്ഷം ചെലവഴിച്ചില്ല |
| 3 | 1-13 | മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ട്രേഡ് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല |
| 4 | 1-14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 5 | 1-15 | വാടക കുടിശ്ശിക ഈടാക്കുന്നില്ല |
| 6 | 1-16 | ലൈഫ് ഭവന പദ്ധതി -അവലോകനം |
| 7 | 1-17 | അജൈവ മാലിന്യശേഖരണ പദ്ധതി- വിഭാവനം ചെയ്ത പദ്ധതി പ്രവർത്തനം നടപ്പായില്ല- പദ്ധതി ലക്ഷ്യം അകലെ |
| 8 | 1-18 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല |
| 9 | 1-19 | ക്വട്ടേഷൻ ക്ഷണിക്കാതെ കുമ്മായം വാങ്ങി – 18080/-രൂപ അധികം ചെലവഴിച്ചു |
| 10 | 1-20 | വാട്ടർചാർജ് കുടിശ്ശിക തുക ഒടുക്കൽ - ടാപ്പുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 11 | 1-21 | പി.എച്ച്.സി അധിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - തുകയുടെ വിനിയോഗ വിവരം, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 12 | 1-22 | പേരൂർ കോളനി സാംസ്കാരിക നിലയത്തിനായി വാങ്ങിയ ഫർണീച്ചർ വിതരണം നടത്താതെ ഇപ്പോഴും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു |
| 13 | 1-23 | നെൽവിത്ത് സബ്സിഡി – പാടശേഖര സമിതികൾ വിതരണ രേഖകൾ ഹാജരാക്കിയില്ല-- |
| 14 | 1-24 | നടപടിക്രമങ്ങൾ പാലിക്കാതെ പാലിയേറ്റീവ് നഴ്സിനെ നിയമിച്ചു. |
| 15 | 1-25 | ബഡ്സ് സ്കൂളിന് ഭക്ഷണം (പ്രോജക്ട് നം 16/2019) – പുറത്തുനിന്നും ഭക്ഷണം വാങ്ങി നൽകി |
| 16 | 1-26 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല |
| 17 | 1-27 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് ക്രമപ്രകാരം പിഴ ഈടാക്കിയില്ല |
| 18 | 1-28 | മൃഗാശുപത്രിയ്ക്ക് ചുറ്റുമതിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 19 | 1-29 | പഞ്ചായത്ത് പ്രസിഡന്റിന്റെ ഓഫീസ് റൂം നവീകരണവും മറ്റ് അനുബന്ധ പ്രവൃത്തികളും-അപാകതകൾ |
| 20 | 1-30 | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽസ് സപ്ലൈയറിൽ നിന്നും ജി.എസ്.ടി സ്രോതസ്സിൽ കിഴിവ് ചെയ്തില്ല |
| | ഭാഗം 2 | |
| 21 | 2-1 | വാടക കുടിശ്ശിക ഈടാക്കുന്നില്ല |
| | ഭാഗം 3 | |
| 22 | 3-1 | ക്വട്ടേഷൻ ക്ഷണിക്കാതെ കുമ്മായം വാങ്ങി – 18080/-രൂപ അധികം ചെലവഴിച്ചു |
| 23 | 3-2 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല |
| 24 | 3-3 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് ക്രമപ്രകാരം പിഴ ഈടാക്കിയില്ല |
| 25 | 3-4 | മൃഗാശുപത്രിയ്ക്ക് ചുറ്റുമതിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |

| | | |
|---|---|---|
| 26 | 3-5 | പഞ്ചായത്ത് പ്രസിഡന്റിന്റെ ഓഫീസ് റൂം നവീകരണവും മറ്റ് അനുബന്ധ പ്രവൃത്തികളും- അപാകതകൾ |
| | ഭാഗം 4 | |
| 27 | 4-1 മുതൽ 4-11 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 28 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 29 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ 1(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 165689920 | 166015393 |
| വാർഷിക കണക്ക് പ്രകാരം | 95855448 | 90391334 |

**ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല**

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2018-19 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-2 വാർഷിക ധനകാര്യപത്രിക**

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 18.05.2019 |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി8-540/19 തീയതി 29.06.2019 | വിശേഷണങ്ങളോടു കൂടിയത്. |

പ്രസ്തുത സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിച്ചിട്ടില്ല. അപാകങ്ങൾ പൂർണ്ണമായി പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. വികസന ഫണ്ട് (ജനറൽ) –

സോഴ്സിൽ കുറവവ് വരുത്തിയ തുക ഉൾപ്പെടുത്താതെയാണ് AFS/ACR എന്നിവ തയ്യാറാക്കിയിട്ടുള്ളത്. ആയത് പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25383050 |
| വരവ് | 95855448 |
| ആകെ | 121238498 |
| ചെലവ് | 90391334 |
| നീക്കിയിരിപ്പ് | 30847164 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 18152177 | 18152177 | 16152342 | 1999835 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 2807000 | 2807000 | 2807000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 158000 | 158000 | 57747 | 100253 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 5222000 | 5222000 | 3874695 | 1347305 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 3800000 | 3800000 | 3800000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 10591693 | 10591693 | 6584913 | 4006780 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 0 | 10680287 | 10680287 | 4831729 | 5848558 |
| എം.എൻ.ആർ.ഇ.ജി.എസ് | ഭരണച്ചെലവ് | 634220 | 712605 | 1346825 | 1335990 | 10835 |
| | തൊഴിലാളികളുടെ വേതനം | 0 | 66867000 | 66867000 | 66867000 | 0 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് വിഹിതം | 120864 | 3534838 | 3655702 | 3583270 | 72432 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 4175071 | 4175071 | 4175071 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 104 | 94895991 | 71 | 66898653 | 12 | 21 | 68.26 |

**1-7 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 634220 | 712605 | 1346825 | 1335990 | 10835 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 66867000 | 66867000 | 66867000 | 0 |
| ആകെ | 634220 | 67579605 | 68213825 | 68202990 | 10835 |

**1-8 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 305520 | 139 |
| കർഷകതൊഴിലാളി പെൻഷൻ | 8765600 | 773 |
| വിധവാപെൻഷൻ | 9989100 | 855 |
| വാർദ്ധക്യകാലപെൻഷൻ | 15895500 | 1483 |
| വികലാംഗപെൻഷൻ | 4851300 | 398 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1401100 | 123 |
| വിവാഹധനസഹായം | 660000 | 12 |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.02. 2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 99538/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-10 ആഭ്യന്തരനിയന്ത്രണം**

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ

വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.02.2020 | 01/2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.12.2017 to 15.01.2018 | 2012-13 to 2016-17 | 26.10.2018 |

## 1-12 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 74.54 ലക്ഷം ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ലഭിച്ച തുക യഥാസമയം ചെലവഴിക്കാത്തതിനാൽ 74.54 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി. തൻവർഷാവസാനം ചെലവഴിക്കാതെ

ശേഷിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ.

| ഇനം | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 18152177 | 16152342 | 1999835 |
| വികസന ഫണ്ട് - TSP | 158000 | 57747 | 100253 |
| മെയിന്റ. ഗ്രാന്റ് - റോഡ് | 5222000 | 3874695 | 1347305 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10591693 | 6584913 | 4006780 |
| **ആകെ** | **34123870** | **26669697** | **7454173** |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാത്തതിനാൽ അവ നഷ്ടപ്പെടാൻ ഇടയായി. കൃത്യമായ ആസൂത്രണത്തിലൂടെ കാര്യ നിർവ്വഹണോദ്യോഗസ്ഥരുടെ ഫലപ്രദമായ ഏകോപനത്തിലൂടെയും ലഭിക്കുന്ന പദ്ധതിപ്പണം സമയബന്ധിതമായി വിനിയോഗിക്കാൻ ശ്രമിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ട്രേഡ് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ പട്ടിക II പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കി ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല. സഞ്ചയ വസ്തു നികുതി നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കുള്ള 100ച.മീ വരെയുള്ള 877 കെട്ടിടങ്ങൾ കാണുന്നുണ്ട് 100ച.മീ മുകളിൽ വിസ്തീർണ്ണമുള്ള 20 കെട്ടിടങ്ങളും 200ച.മീ വരെയുള്ള 4 കെട്ടിടങ്ങളും 200ച.മീ മുകളിലുള്ള 9 കെട്ടിടങ്ങളും കാണുന്നുണ്ട് കൂടാതെ ഓഫീസ് ആവശ്യത്തിനുള്ള 85 കെട്ടിടങ്ങളും കാണുന്നുണ്ട്. എന്നാൽ തൻ വർഷം വ്യാപാര/വാണിജ്യ പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് എടുത്തിട്ടുള്ളത് 300 സ്ഥാപനങ്ങൾ മാത്രമാണ്. ഇവയിൽ നിലവിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം എന്ന് കണ്ടെത്തി വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻ വർഷം ലൈസൻസിനായി അപേക്ഷിച്ചവ എത്ര എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തൻമൂലം ന്യൂനത പരിഹരിക്കുന്നതിനായി തിരികെ നൽകിയവയുടെ വിവരവും ലഭ്യമല്ല. വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി എന്ന സ്ഥാപനത്തിലെ 24 ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി 22380/-രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്ത് പരിധിയിലെ മുഴുവൻ റേഷൻ ഡിപ്പോ ഉടമകളിൽ നിന്നും 2018-19 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/6.3.20) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി കൃത്യമായി ഈടാക്കി ഓഡിറ്റിൽ

വിവരം അറിയിക്കേണ്ടതാണ്.

### 1-15 വാടക കുടിശ്ശിക ഈടാക്കുന്നില്ല

2018-19 സാമ്പത്തിക വർഷത്തെ കെട്ടിട വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. വാടകയിനത്തിലുള്ള കുടിശ്ശിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേരും മേൽവിലാസവും | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | X/525 | സിബി, നെടുംപറമ്പ്പുന്നപ്ര.പി.ഒ | 861 | 861x12=10,332 |
| 2 | VII/202 | മാനേജർ, മാവേലി സ്റ്റോർ പുന്നപ്ര | 1749 | 1749x1=1749 |
| ആകെ | | | | 12081 |

തൻ വർഷം 12,081/- രൂപ വാടകയിനത്തിൽ കുടിശ്ശികയുണ്ട്. വാടക കുടിശ്ശിക ബന്ധപ്പെട്ടവരിൽ നിന്നും തുക ഒടുക്കുന്ന തീയതി വരെയുള്ള പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-16 ലൈഫ് ഭവന പദ്ധതി -അവലോകനം

ലൈഫ് ഭവന പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ ആകെ 3.84 കോടി രൂപ തൻവർഷം വകയിരുത്തിയതിൽ 2,90,07,566 രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്. സി. വിഭാഗത്തിൽ തൻവർഷം 20 ലക്ഷം രൂപ വകയിരുത്തിയതിൽ 15.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ ജനറൽ വിഭാഗത്തിൽ 96 ഉം പട്ടികജാതി വിഭാഗത്തിൽ 6 ഉം ഉൾപ്പെടെ ആകെ 102 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ ജനറൽ വിഭാഗത്തിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിലവിലെ സ്റ്റേജ് | നൽകാനുള്ള തുക |
|---|---|---|---|
| 1 | ഉഷാകുമാരി ഗോപിദാസ് | മേൽക്കൂര ഘട്ടം | 40,000 |
| 2 | രേണുക സുനിൽകുമാർ | മേൽക്കൂര ഘട്ടം | 40,000 |
| 3 | സിമ്മു പ്രദീപ്കുമാർ | മേൽക്കൂര ഘട്ടം | 40,000 |
| 4 | മണിയമ്മ കാട്ടുങ്ങൽവെളി | അടിത്തറ ഘട്ടം | 2,00,000 |
| 5 | രമാദേവീ ശശീന്ദ്രൻ | അടിത്തറ ഘട്ടം | 2,40,000 |

| | | | |
|---|---|---|---|
| 5 | കൊച്ചുത്രേസ്യാ ജോൺ | മേൽക്കൂര ഘട്ടം | 40,000 |
| (ഓഡിറ്റ് തീയതി 07.03.2020) നൽകാനുള്ള ആകെ തുക | | | **6,00,000** |

മുൻകൂർ കൈപ്പറ്റിയതിന് ശേഷം നിർമ്മാണം സ്തംഭനാവസ്ഥയിലുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാനുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

വിവിധ ഫണ്ടുകൾ വകയിരുത്തിയിതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് (ജനറൽ)

**2018-19**

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 838432 | 838432 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1596143 | 1596143 | 0 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 6810841 | 6810841 | 0 |
| ഹഡ്കോ വായ്പ | 29154584 | 19762150 | 9392434 |
| **ആകെ** | **38400000** | **29007566** | **9392434** |

**2019-20**

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2302150 | 1702150 | 600000 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 0 | 0 | 0 |
| ഹഡ്കോ വായ്പ | 1137850 | 1137850 | 0 |
| സംസ്ഥാന സർക്കാർ വിഹിതം | 5952434 | 5952434 | 0 |
| **ആകെ** | **9392434** | **8792434** | **600000** |

**ലൈഫ് (എസ്.സി )**

**2018-19**

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 136639 | 136639 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1071961 | 743361 | 328600 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 791400 | 680000 | 111400 |
| ഹഡ്കോ വായ്പ | 0 | 0 | 0 |
| **ആകെ** | **2000000** | **1560000** | **440000** |

**2019-20**

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 328600 | 328600 | 0 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 111400 | 111400 | 0 |
| ഹഡ്കോ വായ്പ | 0 | 0 | 0 |
| **ആകെ** | **440000** | **440000** | **0** |

എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ഹഡ്കോയിൽ നിന്നും വായ്പയിനത്തിൽ തുക വകയിരുത്തിയിരുന്നില്ല. മറ്റ് സ്രോതസ്സുകളിൽ നിന്നാണ് ചെലവ് ചെയ്തിട്ടുള്ളത്. എന്നാൽ വികസന ഫണ്ടിന്റെ രണ്ടാം ഗഡു (സ.ഉ. നം. 6015/2019/ധന. തീയതി. 01.08.2019), മൂന്നാം ഗഡു (സ.ഉ. നം. 10050/2019/ധന തീയതി. 21.12.2019) എന്നിങ്ങനെ അനുവദിച്ച ഉത്തരവുകളിൽ എസ്.സി.പി. ഫണ്ടിൽ നിന്ന് യഥാക്രമം 36765/-, 36764/- രൂപ KURDFC യുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് തിരിച്ചടക്കാൻ വേണ്ടി സ്രോതസിൽ നിന്നും കിഴിവ് ചെയ്തതായി കാണുന്നു. ടി തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 അജൈവ മാലിന്യശേഖരണ പദ്ധതി - വിഭാവനം ചെയ്ത പദ്ധതി പ്രവർത്തനം നടപ്പായില്ല - പദ്ധതി ലക്ഷ്യം അകലെ

ഗ്രാമപഞ്ചായത്ത് 2018-19 വർഷം നൂതന പ്രോജക്ടായി രൂപീകരിച്ച "അജൈവ മാലിന്യശേഖരണ പദ്ധതി"-ൽ ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിത പ്രോട്ടോക്കോളിന് ആവശ്യമായ സ്റ്റീൽ പാത്രങ്ങൾ, സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പ്, കിയോസ്കുകൾ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, തുണി സഞ്ചി

പേപ്പർ ക്ലട് നിർമ്മാണ യൂണിറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ഗ്രീൻ ചില്ലീസിന് (ഹരിതകർമ്മസേന) ഗ്രാസ് കട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ, പ്രചാരണ പരിപാടികൾ, നോട്ടീസ് എന്നിവയായിരുന്നു വിഭാവനം ചെയ്തിരുന്നത്. ജില്ലാ കളക്ടർ അദ്ധ്യക്ഷയായ ജില്ലാ വിദഗ്ധ സമിതിയുടെ 06.12.17-ലെ നൂതന പ്രോജക്ടുകൾ വിലയിരുത്തൽ യോഗത്തിൽ ഗ്രാസ് കട്ടർ പ്രോജക്ടിൽ നിന്നും ഒഴിവാക്കി നടപ്പാക്കേണ്ടതാണ് എന്ന നിബന്ധനയോടെ പ്രസ്തുത പ്രോജക്ട് അംഗീകരിക്കുകയുണ്ടായി. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത KICO ബിസിനസ് കോർപ്പറേഷനിൽ നിന്നും പ്ലേറ്റൊന്നിന് 169/- രൂപ നിരക്കിലും ഗ്ലാസൊന്നിന് 23/- രൂപ നിരക്കിലും 1250 സ്റ്റീൽ പാത്രങ്ങളും ഗ്ലാസ്സുകളും പ്രോജക്ട് പ്രകാരം വാങ്ങുകയാണുണ്ടായത്.

പ്രോജക്ട് വിശദാംശം ചുവടെ കൊടുക്കുന്നു.
പദ്ധതി അടങ്കൽ: 67040 (വികസന ഫണ്ട്)

175600 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

682960 (തനത് ഫണ്ട്)

ചെലവ്: 2,40,002/- ( 1. ബിൽ നം. 06/18-19/13.03.19- 172962/-

2. ബിൽ നം. 07/18-19/13.03.19- 67040/- )

പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളും നടപ്പാക്കാതിരുന്നത് മൂലം പാത്രം വാങ്ങലിൽ മാത്രമായി പ്രോജക്ട് ഒതുങ്ങുകയാണുണ്ടായത്. 2018-19 വർഷത്തിൽ അജൈവ മാലിന്യശേഖരണ പദ്ധതിയിലുൾപ്പെടുത്തി ഹരിതകർമ്മ സേനയായ ഗ്രീൻ ചില്ലീസ് മുഖേന നടപ്പാക്കാനായി വാങ്ങിയ പാത്രങ്ങൾ നിലവിൽ എല്ലാ വാർഡിലും ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ കുടുംബശ്രീ സി.ഡി.എസ് മുഖേന വിവിധ പരിപാടികൾക്ക് ഉപയോഗപ്രദമാക്കാനും വാടക ഇനത്തിൽ ലഭിക്കുന്ന തുകയുടെ 50% ഹരിതകർമ്മ സേനയ്ക്കും 50% തുക കുടുംബശ്രീ സി.ഡിഎസ് ഫണ്ടിലേയ്ക്കും നിക്ഷേപിക്കുന്നതിനും 29.07.2017-ലെ 5(1)-ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന മറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.1/04.03.2020) താഴെ പറയും പ്രകാരം മറുപടി ലഭിക്കുകയുണ്ടായി.
"2018-19 കാലയളവിൽ യൂസർ ഫീ കൃത്യമായി പിരിഞ്ഞ് കിട്ടാതിരുന്നതിനാൽ ഹരിത കർമ്മ സേനയായ ഗ്രീൻ ചില്ലീസിന് ശമ്പളമിനത്തിൽ വളരെ ചെറിയ തുകയാണ് ലഭ്യമായിരുന്നത്. 2017-18-ൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിരുന്നുവെങ്കിലും 2018-19-ൽ ആയത് നൽകുവാൻ സാധിച്ചിരുന്നില്ല. 2018-19 വർഷം ഹരിത കർമ്മസേന പ്ലാസ്റ്റിക് ശേഖരിച്ച് വെച്ചിരുന്നുവെങ്കിലും ഗ്രാമ പഞ്ചായത്തിൽ എം.സി.എഫ്. പ്രവർത്തനം ആരംഭിച്ചിട്ടില്ലാതിരുന്നതിനാൽ സ്റ്റോർ ചെയ്തു വെയ്ക്കുവാൻ സ്ഥലം ലഭ്യമായിരുന്നില്ല. പ്ലാസ്റ്റിക് ശേഖരിച്ചത് കൈമാറുന്നതിന് കാലതാമസം നേരിട്ടതിനാലും യൂസർ ഫീ ലഭിക്കുന്നത് തുച്ഛമായതിനാലും ഹരിതകർമ്മ സേനയുടെ പ്രവർത്തനം മന്ദഗതിയിലായി. സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പ്, കിയോസ്കുകൾ എന്നിവയുടെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടം ലഭ്യമായിരുന്നില്ല. തുണി സഞ്ചി, പേപ്പർ ക്ലട് നിർമ്മാണ യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ കൊണ്ടു പോകുന്നതിനാവശ്യമായ കുടുംബശ്രീ യൂണിറ്റുകൾ ലഭ്യമായിരുന്നില്ല. 2019-20 വർഷം പകുതിയോടെ എം.സി.എഫ്. പ്രവർത്തനം ആരംഭിക്കുകയും ചില വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഹരിതകർമ്മ സേന ചുരുക്കം ചില വാർഡുകളിലൊഴികെ പ്രവർത്തനം മെച്ചപ്പെടുത്തി വരുന്നുണ്ട്."

കൈമാറിയ പാത്രങ്ങൾ നിലവിൽ കുടുംബശ്രീ തന്നെയാണ് കൈകാര്യം ചെയ്തു പോരുന്നത്. 8190/- രൂപയാണ് നാളിതുവരെ വാടകയിനത്തിൽ ലഭ്യമായിട്ടുള്ളത്. ഇതിൽ നിന്നും പ്രോജക്ടിന്റെ ഫീസിബിലിറ്റി, വർക്ക് സ്റ്റഡി എന്നിവ നടത്താതെ പ്രോജക്ട് രൂപീകരിച്ചതു മൂലം വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്ന അവസ്ഥ സംജാതമായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഭൗതീക സാഹചര്യങ്ങളൊരുക്കി ഹരിതകർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തി അജൈവമാലിന്യ ശേഖരണ പദ്ധതി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-18 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം. : 9/19

നിർവ്വഹണം : സെക്രട്ടറി

ബിൽ വിവരം : 23/3.2.2019 – 97721/-

ഗ്രാമപഞ്ചായത്തിലെ 1,2,4 വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 97721/- രൂപ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി യുമായി 24.1.2009 ൽ കരാർ ചമച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളോ, തുകയുടെ വിനിയോഗ വിവരമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2/4.3.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 97721/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-19 ക്വട്ടേഷൻ ക്ഷണിക്കാതെ കുമ്മായം വാങ്ങി – 18080/-രൂപ അധികം ചെലവഴിച്ചു

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങൽ (പ്രോജക്റ്റ് നം 61/2019) എന്ന പ്രോജക്റ്റിന്റെ ഭാഗമായി വേമ്പനാട് ലൈം ഇൻഡസ്ട്രീസ്, മണ്ണഞ്ചേരിയിൽ നിന്നും 26.7.2018ൽ കിലോഗ്രാമിന് 12.26 രൂപ നിരക്കിൽ എട്ട് മെട്രിക് ടൺ (8000Kg) കുമ്മായവും, ആലുംമൂട്ടിൽ ഏജൻസീസ് ഞാറയ്ക്കൽ നിന്നും 22.8.2018ൽ കിലോഗ്രാമിന് 10/- രൂപ നിരക്കിൽ 2500Kg കുമ്മായവും വാങ്ങിയിട്ടുണ്ട്. മാസങ്ങൾക്ക് മുമ്പ് ആസൂത്രണം ചെയ്ത പ്രോജക്റ്റ് പ്രകാരം രണ്ട് സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ കുമ്മായം വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. കുമ്മായം വാങ്ങുന്നതിനായി 17.8.2018-ൽ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത (കിലോഗ്രാമിന് 10/- രൂപ) ആലുംമൂട്ടിൽ ഏജൻസീസ് ഞാറയ്ക്കൽ എന്ന സ്ഥാപനത്തിൽ നിന്നും 22.8.2018ൽ 2500Kg കുമ്മായം വാങ്ങുകയും ബിൽ നം 10/22.10.2018 പ്രകാരം സ്ഥാപനത്തിന് 25000/- രൂപ നൽകുകയും ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായി. എന്നാൽ 98,080/- രൂപ (ബിൽ നം 02/20.8.2018) ചെലവഴിച്ച് വേമ്പനാട് ലൈം ഇൻഡസ്ട്രീസ്, മണ്ണഞ്ചേരിയിൽ നിന്നും 26.7.2018ൽ എട്ട് മെട്രിക് ടൺ (8000Kg) കുമ്മായവും വാങ്ങിയതിന്റെ ക്വട്ടേഷനുകൾ പരിശോധനയ്ക്കായി നൽകിയില്ല.

വേമ്പനാട് ലൈം ഇൻഡസ്ട്രീസിൽ നിന്നും കുമ്മായം വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ക്വട്ടേഷൻ ക്ഷണിക്കാതെ വേമ്പനാട് ലൈം ഇൻഡസ്ട്രീസിൽ നിന്നും കൂടിയ നിരക്കിൽ കുമ്മായം വാങ്ങിയതിലൂടെ 18080/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-20 വാട്ടർചാർജ് കുടിശ്ശിക തുക ഒടുക്കൽ - ടാപ്പുകളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല

വാട്ടർചാർജ് കുടിശ്ശിക ഇനത്തിൽ തൻവർഷം 1489142/- രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 2/19 ലെ ഡിമാൻഡ് പ്രകാരം 6950102/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. 667 ടാപ്പുകളുടെ വെള്ളക്കരമാണ് നിലവിൽ അടയ്ക്കുന്നത്. എന്നാൽ നിലവിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനാവശ്യമായ സംയുക്തപരിശോധന നടത്തിയതിന്റെ രേഖകളോ, പരിശോധന റിപ്പോർട്ടോ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമായ ഫയലിൽ ആകെ 17 വാർഡുകളുള്ളതിൽ 9 വാർഡുകളിൽ മാത്രം 136 ടാപ്പുകൾ ഉപയോഗയോഗ്യമല്ലെന്നും ബാക്കിയുള്ള വാർഡുകളിൽ കൂടി പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ട് 11.02.2020 ൽ സെക്രട്ടറി വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഇതിൻമേൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഇത്രയധികം ടാപ്പുകൾ പ്രവർത്തനയോഗ്യമല്ലാതിരുന്നിട്ടും ആയതിന്റെയുൾപ്പെടെയുള്ള തുകയാണ് ഓരോ മാസവും വാട്ടർ അതോറിറ്റി ഈടാക്കി വരുന്നത്. ടി

വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-21 പി.എച്ച്.സി അധിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - തുകയുടെ വിനിയോഗ വിവരം, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | : | 88/19, 130/19 |
| നിർവ്വഹണം | : | സെക്രട്ടറി |
| ബിൽ വിവരം | : | 7/29.6.2018 – 127692/- |
| ചെക്ക് നം. | : | 1552866/26.3.19 - 2500000 |

ആർദ്രം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സിയിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2627692/- രൂപ നാഷണൽ ഹെൽത്ത് മിഷനിൽ തൻവർഷം ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളോ, തുകയുടെ വിനിയോഗ വിവരമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-22 പേരൂർ കോളനി സാംസ്കാരിക നിലയത്തിനായി വാങ്ങിയ ഫർണിച്ചർ വിതരണം നടത്താതെ ഇപ്പോഴും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു

പഞ്ചായത്തിലെ നാലാം വാർഡിലെ പേരൂർ എസ്.സി കോളനിയിൽ സ്ഥിതിചെയ്യുന്ന സാംസ്കാരിക നിലയത്തിനായി എസ്.സി.പി ഫണ്ട് വിനിയോഗിച്ച് ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്. കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 1,31,294/- രൂപ (ബിൽ നം. 01/21.6.2018) ചെലവഴിച്ച് വാങ്ങിയ താഴെപറയുന്ന ഫർണ്ണീച്ചറുകൾ ഒന്നര വർഷത്തിന് ശേഷവും സാംസ്കാരിക നിലയത്തിന് കൈമാറിയിട്ടില്ല.

| ക്രമ നം | ഇനം | എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | Iron folding dining table 6ft*1.5ft | 10 | 45000 |
| 2 | Steel arm chair25 | 25 | 39275 |
| 3 | Dias table with 18mm particle board 6'*2' | 1 | 8750 |
| 4 | Dias chair – steel frame with cushion seat & back | 5 | 15000 |
| | GST | | 20028 |
| | Transportaion charge | | 3241 |
| | Total | | 131294 |

പഞ്ചായത്തിലെ താഴ്ന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന എസ്.സി. കോളനിയിലാണ് സാംസ്കാരിക നിലയം സ്ഥിതിചെയ്യുന്നത്. വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും വാർഡിലെ ഇതര പ്രവർത്തനങ്ങൾക്കുമായി ടി സാംസ്കാരിക നിലയം ഉപയോഗിക്കുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ പ്രകാരം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി വാങ്ങിയ മേൽ പറഞ്ഞിട്ടുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാതെ ഇപ്പോഴും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. 06/2018ൽ വാങ്ങിയ ഫർണ്ണീച്ചർ സാംസ്കാരിക

നിലയത്തിലേയ്ക്ക് മാറ്റാതെ ഇപ്പോഴും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. പ്രാദേശികമായി ചില പ്രശ്നങ്ങൾ മൂലം സ്ഥാപനം തുറന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ഒരു പരിപാലകനെ നിയമിച്ചതിന് ശേഷം മാത്രമേ ഫർണ്ണീച്ചർ സുരക്ഷിതമായി സാംസ്കാരിക നിലയത്തിലേയ്ക്ക് മാറ്റുവാൻ കഴിയൂവെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയത്. പദ്ധതിയിലൂടെ ഉദ്ദേശിച്ച ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. എത്രയുംവേഗം ഉചിത നടപടികൾ സ്വീകരിച്ച് ഇവ സാംസ്കാരിക നിലയത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-23 നെൽവിത്ത് സബ്സിഡി – പാടശേഖര സമിതികൾ വിതരണ രേഖകൾ ഹാജരാക്കിയില്ല--

നെൽവിത്ത് സബ്സിഡി പദ്ധതി (പ്രോജക്ട് നം 21/2019) പ്രകാരം കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും 25,832 Kg ഉമ നെൽവിത്ത് വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും 10,33,280 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ നെൽവിത്ത് താഴെപറയും പ്രകാരം അഞ്ച് പാടശേഖര സമിതികൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | പാടശേഖര സമിതിയുടെ പേര് | പാടശേഖരത്തിന്റെ വിസ്തീർണ്ണം | അനുവദിച്ച നെൽവിത്തിന്റെ അളവ് |
|---|---|---|---|
| 1 | കറുകപ്പാടം | 106.02 | 10602 Kg |
| 2 | പുത്തുരം വടക്ക് | 85.4 | 8540 Kg |
| 3 | അഞ്ചൂറ്റംപാടം | 24.44 | 2444 Kg |
| 4 | കനകാശ്ശേരി | 22 | 2200 Kg |
| 5 | ഇളയിടം തുരുത്ത് | 20.46 | 2046 Kg |
| | ആകെ | | 25832 Kg |

പാടശേഖര സമിതികൾ കൈപ്പറ്റിയ നെൽവിത്ത് സമിതിയുടെ കീഴിലുള്ള ഒരോ കർഷകർക്കും കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി വിതരണം ചെയ്തതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിനെ തുടർന്ന് അഞ്ചൂറ്റംപാടം, പുത്തുരം വടക്ക്, കറുകപ്പാടം എന്നീ പാടശേഖര സമിതികളുടെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായി. കനകാശ്ശേരി, ഇളയിടം തുരുത്ത് എന്നിവയുടെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പദ്ധതിപ്പണം വിനിയോഗിച്ച് 100% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന നെൽവിത്ത് ഓരോ കർഷകനും കൃത്യമായ അളവിൽ ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. മേൽപറയുന്ന പാടശേഖര സമിതികളിൽ അംഗങ്ങളായിട്ടുള്ള കർഷകർ അവർക്ക് അർഹതപ്പെട്ട നെൽവിത്ത് കൈപ്പറ്റിയെന്ന് തെളിയിക്കുന്ന വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കനകാശ്ശേരി, ഇളയിടം തുരുത്ത് എന്നീ പാടശേഖര സമിതികൾക്ക് നൽകിയ വിത്തിന്റെ വിലയായ 1,69,840/- രൂപ (4246 x 40) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിത്തുകളുടെ വിതരണ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-24 നടപടിക്രമങ്ങൾ പാലിക്കാതെ പാലിയേറ്റീവ് നഴ്സിനെ നിയമിച്ചു.

2018-19 വർഷം പാലിയേറ്റീവ് നഴ്സായി സേവനമനുഷ്ഠിച്ചിരുന്ന പുഷ്പലത മറ്റൊരു ജോലി കിട്ടി പോയതിനെ തുടർന്ന് പുതിയ നിയമനം നടത്തുന്നതിന് 5.11.2018ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 18.11.2018ൽ പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുകയും അഭിമുഖം നടത്തി

സി.എസ്.സുജിതയെ 14.1.2019 മുതൽ ജോലിയ്ക്ക് നിയമിക്കുകയും ചെയ്തിട്ടുണ്ട്.

1997ലെ കേരളപഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം ചട്ടങ്ങൾ) ചട്ടം-8 പ്രകാരം നിലവിലുള്ള ഏതെങ്കിലും ഒഴിവിലേക്ക് ജീവനക്കാരെ ഉടൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലേബർ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ 5-2-2014ലെ 25941/ജി-2/2013 സർക്കുലർ പ്രകാരം പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 26-12-2016 ലെ തൊഴിലും നൈപുണ്യവും (ജി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1046913/ജി-2/2016 കത്തുപ്രകാരം എല്ലാ സ്ഥാപനമേധാവികൾക്കും 5-2-14 ലെ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് വീണ്ടും കർശന നിർദ്ദേശം നൽകിയിരുന്നു. ചട്ട പ്രകാരം നിലവിലുള്ള ഒഴിവിലേക്കു മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നും പി.എസ്.സി. വഴി പെട്ടെന്ന് നിയമനം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണം എന്നും സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ സർക്കാർ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നിയമനം നടത്താവൂ എന്നും നിർദ്ദേശമുണ്ട്. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള നിയമനം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചല്ലാത്തതിനാൽ പുന: പരിശോധിക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-25 ബഡ്സ് സ്കൂളിന് ഭക്ഷണം (പ്രോജക്ട് നം 16/2019) – പുറത്തുനിന്നും ഭക്ഷണം വാങ്ങി നൽകി

ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭമായ രുചി മൈക്രോ യൂണിറ്റിൽ നിന്നും ഉച്ചഭക്ഷണം വാങ്ങി നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്. ഒരു കുട്ടിയ്ക്ക് ഒരു നേരത്തെ ഭക്ഷണത്തിന് 30/- രൂപയാണ് കുടുംബശ്രീ ഈടാക്കുന്നത്. 2081-19 വർഷം ഏപ്രിൽ മാസം മുതൽ ഫെബ്രുവരി മാസം വരെ വികസന ഫണ്ടിൽ നിന്നും ഇതിനായി 1,16,478/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബഡ്സ് സ്കൂളിൽ രണ്ട് ആയമാരും പാചകപ്പുരയും അനുബന്ധ സൗകര്യങ്ങളും ഉണ്ട്. കൂടാതെ സ്കൂളിന് ആവശ്യമായ അരിയും പലവ്യഞ്ജനങ്ങളും സപ്ലൈകോയിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുവാദവും നൽകിയിട്ടുണ്ട്. കുട്ടികൾക്ക് ആവശ്യമായ ഉച്ചഭക്ഷണം സ്കൂളിൽ തന്നെ തയ്യാറാക്കി നൽകുവാൻ സൗകര്യമുള്ളപ്പോൾ പുറത്തു നിന്നും ഭക്ഷണം വാങ്ങി നൽകുന്നത് ശരിയായ നടപടിയല്ല. സ്കൂളിൽ തന്നെ ഉച്ചഭക്ഷണം തയ്യാറാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-26 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012-ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പൊതു മരാമത്ത് മാന്വലിലെ മേൽ വ്യവസ്ഥ പാലിക്കാതെ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | സെലക്ഷൻ നോട്ടീസ് തീയതി | കരാറുകാരൻ/ കരാർ നം./തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | വാർഡ് -16 - വടക്കേ തയ്യിൽ വിൻസന്റിന്റെ വീട് മുതൽ കിഴക്കോട്ട് ടാറിംഗ് പ്രോ നം. 105/19<br>അടങ്കൽ തുക-650000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>പ്രവൃത്തി മൂല്യം- 642640/-<br>എം.ബുക്ക് നമ്പർ- 75/17-18 (പേജ് നം. 22,23)<br>ബിൽ നം. 02/18-19/12.06.18- 638805/-)<br>(13 Nos @295- 3835) | 27.12.17 | സുനിൽ എം.,സുനിൽ മൻസിൽ<br>34/AE/LSGD /PNGP/18-19 തീ-18.01.18 | 642050/- | 6421/- |

27.12.17-ലെ സെലക്ഷൻ നോട്ടീസിൽ, നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വെയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 14 ദിവസം തികയുന്ന 10.01.2018 നുള്ളിൽ കരാർ വെയ്ക്കാൻ ആവശ്യപ്പെടുന്നതിനു പകരം പിഴ കൂടാതെ കരാറിലേർപ്പെടാൻ 19/01/2018 എന്ന തീയതിയാണ് സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല കരാറുകാരൻ 01.01.2018-ൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുമുണ്ട്. അപാകതയിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ പിഴ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പിഴ ഈടാക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിലനിർത്തുന്നതാണ്.

### 1-27 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് ക്രമപ്രകാരം പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.( Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം

കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പുതുക്കിയ കാലാവധിയ്ക്കനുസൃതമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ, എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | 09/AE/LSGD/PNGP17-18/ dt: 08.12.2017<br>ശ്രീ. പി.റ്റി. അപ്പച്ചൻ<br>48/17-18<br>പ്രോ.നം. 103/19<br>(വാർഡ്-4- പ്ലാപ്പള്ളി-പൊള്ളേപ്പറമ്പ് പാലം വരെ റോഡ് ടാറിംഗ്)<br>പ്രവൃത്തിമൂല്യം-11,98,133/- രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 01/18-19/12.06.18-586882/-<br>(ഫൈനൽ ബിൽ)<br>CC 1st &part bill- 601221/-<br>എഗ്രീഡ് പി.എ.സി- 11,96,784/- | 3 മാസം.<br>(08.03.18) | 21.03.2018 | 0 | 11968/- |
| 2 | 07/AE/LSGD/PNGP/17-18/ dt: 05.12.2017<br>ശ്രീ. സാബു വി.എസ്.<br>07/17-18,27/17-18 & 54/17-18<br>പ്രോ.നം. 111/19 (ആയുർവേദാശുപത്രി കെട്ടിട പൂർത്തീകരണം)<br>പ്രവൃത്തിമൂല്യം-303464/-രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽനം. 17/18-19/ തീയതി:15.02.19-141841/-(final bill)<br>CC 1st &part bill- 161623/-<br>എഗ്രീഡ് പി.എ.സി- | 5 മാസം<br>(05.05.2018 ൽ പൂർത്തീക രിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 05.01.18-ൽ AS & TS നല്കിയതിനാൽ 05.06.2018-ൽ പൂർത്തീകരി ക്കേണ്ടതായിരുന്നു) | 23.06.2018<br>(എം.ബുക്ക്. 27/18) | 1418/- | 3409/- |

| | | | | | |
|---|---|---|---|---|---|
| | 340921/- | | | | |

ടി അപാകതയിന്മേലുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ 06.03.2020-ലെ ഓഡിറ്റന്വേഷണത്തിന് ലഭിച്ച മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പിഴ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി നിലനിർത്തുന്നതായിരിക്കും.

## 1-28 മൃഗാശുപത്രിയ്ക്ക് ചുറ്റുമതിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

2018-19 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടാണ് മൃഗാശുപത്രിയ്ക്ക് ചുറ്റുമതിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ (പ്രോ നം. 108/19). ചുറ്റുമതിൽ നിർമ്മാണം, ആശുപത്രിയുടെ ഒന്നാം നില നിർമ്മാണം, പ്ലോട്ട് ഫില്ലിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്ത നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുറ്റുമതിൽ നിർമ്മാണം, മൃഗാശുപത്രി കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണം, പ്ലോട്ട് ഫില്ലിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള ഇനങ്ങൾക്ക് വിശദമായ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയാറാക്കാതെ LumpSum ആയി 60000/- രൂപ നീക്കി വെച്ചാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല.
2. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ഷാഹുൽ ഹമീദ് സി.എസ്. എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് 27.11.2017-ൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട് (നം. AE/1/17-18). നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം അതായത് 11.12.2017 നകം കരാർ വെയ്ക്കാത്ത പക്ഷം 1% പിഴയോടെ കരാർ വെയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ടിയാൾ കരാർ വെയ്ക്കാതിരുന്നതിനെ തുടർന്ന് 27.12.2017-തീയതിയിലെ കത്ത് പ്രകാരം 1% പിഴയോടുക്കി ഒരാഴ്ചയ്ക്കകം കരാർ വെയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഫയലിലുള്ള കരാർ പത്രത്തിൽ ഗീതാകുമാരി. എസ്. ആലപ്പുഴ എന്ന സ്റ്റാമ്പ് വെണ്ടറിൽ നിന്നും 08/12/2017-ൽ മുദ്രപ്പത്രം വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാർ ഉടമ്പടിയിൽ 17/AE/LSGD /PNGP/17-18/15.11.2017 എന്ന് രേഖപ്പെടുത്തി കാണുന്നു. കൂടാതെ കരാർ പത്രത്തിൽ 2018 വർഷം നവംബർ 17 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ പത്രത്തിൽ തന്നെ വ്യത്യസ്ത തീയതികൾ കാണുന്നു.
3. Acknowdegement form for Handing over site to the contractor എന്ന ഫോമിൽ കരാറുകാരൻ 15.11.2017-ൽ പ്രവൃത്തിയ്ക്കായി സൈറ്റ് കൈയേറ്റതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. സെലക്ഷൻ നോട്ടീസ് ലഭിക്കുന്നതിനു മുൻപു തന്നെ കരാറുകാരൻ എപ്രകാരമാണ് സൈറ്റ് പ്രവൃത്തിയ്ക്കായി കൈയേറ്റതെന്ന് വ്യക്തമല്ല.
4. കരാർ രജിസ്റ്റർ പേജ് നം. 40-ൽ കരാർ നം. 17/AE/LSGD/PNGP/17-18/ തീ. 05.01.2018 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ ഒപ്പു വെച്ച തീയതി 05.01.2018 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർക്കയച്ച D1-365(b)/2018 നമ്പർ കത്തിൽ CC $2^{nd}$ & Final ബില്ലിലെ സൂചനയിൽ കരാർ നം. തീയതിയായി 17/AE/LSGD/PNGP/17-18/ തീയതി. 18.01.2018 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.
5. അളവ് പുസ്തകം നം. 01/18-19 പേജ് നം. 3 -ൽ ഇലക്ട്രിഫിക്കേഷൻ (As per Bill) എന്ന് രേഖപ്പെടുത്തി 19832/- രൂപ അനുവദിച്ചിട്ടുണ്ട്. Hanna Traders കളിത്തട്ട്, പുന്നപ്ര എന്ന സ്ഥാപനത്തിന്റെ നമ്പർ/തീയതി രഹിത ഇലക്ട്രിക്കൽ സാമഗ്രികൾ ഇനത്തിലെ 15332/- രൂപയുടെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. പറവൂർ ആയുർവേദാശുപത്രിയുടേയും മൃഗാശുപത്രിയുടേയും മുകളിലത്തെ നില വയറിംഗ് ചെയ്ത ഇനത്തിൽ ലേബർ ചാർജ്ജിനത്തിൽ കരാറുകാരനിൽ നിന്ന് 4500/- രൂപ കൈപ്പറ്റിയതായി ശ്രീ.അശോക് കുമാർ പുന്നപ്ര

എന്നയാളുടെ വൗച്ചറും ഹാജരാക്കിയിട്ടുണ്ട്. മൃഗാശുപത്രി കെട്ടിടത്തിന്റെ അനുബന്ധ സൗകര്യമൊരുക്കൽ പ്രോജക്റ്റിൽ ആയൂർവേദാശുപത്രിയുടെ വയറിംഗും ഉൾപ്പെടുത്തിയതായി ഇതിൽ നിന്ന് വ്യക്തമാകുന്നു. എസ്റ്റിമേറ്റില്ലാതെ, വാങ്ങിയ സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്താതെയും സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെയും വൗച്ചറിനനുസൃതമായി തുക നൽകി.

6. കരാറുകാരൻ ക്വാട്ട് ചെയ്ത തുക 10,67,518.72/- രൂപയാണ്. ആകെ അടങ്കൽ തുക 1347175/- . എസ്റ്റിമേറ്റ് തുകയിൽ നിന്നും 16.99% കുറവ്. പെനാൽറ്റിയായി 2451/- രൂപ കരാറുകാരനിൽ നിന്നും വസൂലാക്കിയിട്ടുണ്ട്. കരാർ കാലാവധി 6 മാസമായിരിക്കെ 31.05.2018-ൽ പ്രവൃത്തി പൂർത്തിയാക്കിയതായി അളവ് പുസ്തകം പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. കരാർ തീയതി 05.01.2018 ആണെങ്കിൽ പ്രവൃത്തി കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. യഥാസമയം കരാറിലേർപ്പെടാതിരുന്നതിനുള്ള പിഴയാണെങ്കിൽ ടി തുക കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

അപാകതകളിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി LumpSum ആയി തുക ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നുവെന്നാലും പ്രവൃത്തി പൂർത്തീകരണ സമയത്ത് അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അശോക് കുമാറിന് 19832/- രൂപയുടെ ബിൽ തുക നൽകിയിട്ടുള്ളതെന്നും കരാർ രജിസ്റ്റർ പ്രകാരം 05.01.2018-ൽ ആണ് കരാർ ചമച്ചിട്ടുള്ളതെന്നും കരാർപത്രത്തിൽ ക്ലറിക്കൽ പിശക് സംഭവിച്ചു പോയതാണെന്നും ആയുർവേദാശുപത്രിയും മൃഗാശുപത്രിയും ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന രണ്ടു കെട്ടിടങ്ങളാണെന്നു സാധന സാമഗ്രികളുടെ ക്വാളിറ്റി പരിശോധിച്ചുറപ്പുവരുത്തി ബിൽ തുക നൽകിയിട്ടുള്ളതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. കൂടാതെ കരാർ വെയ്ക്കാൻ കാലതാമസമുണ്ടായതിനാണ് പിഴയായി 2451/- രൂപ ഈടാക്കിയതെന്നും മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത്.
താഴെ പറയുന്ന വസ്തുതകളാൽ പ്രസ്തുത മറുപടി അപാകതകളെ സാധൂകരിക്കുന്നതല്ല.
എസ്റ്റിമേറ്റ് തയാറാക്കാതെ ഇലക്ട്രിക്കൽ പ്രവൃത്തിയ്ക്കായി ബില്ല് പ്രകാരം തുക നൽകിയത് ക്രമ പ്രകാരമല്ല. കൂടാതെ ആയൂർവേദാശുപത്രിയുടെ വയറിംഗും കൂടി ഉൾപ്പെടുത്തിയത് പ്രോജക്റ്റിലെ സുതാര്യത ഇല്ലാതെയാക്കുന്നു. ആയതിന്റേയും എസ്റ്റിമേറ്റ് ലഭ്യമല്ല. യഥാസമയം കരാറിലേർപ്പെടാതെ നിശ്ചിത തീയതിയായ 11.12.2017 ന് ശേഷം 05.01.2018-ൽ മാത്രമാണ് കരാറിലേർപ്പെട്ടതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. കരാർ തുകയായ 1067518.72/- രൂപയുടെ 1% തുക പിഴയായി 10675/- കരാറുകാരനിൽ നിന്നും ഈടാക്കണ്ടേതിന് പകരം2451/- രൂപ മാത്രമാണ് ടി ഇനത്തിൽ ഈടാക്കിയിട്ടുള്ളത്.

പിഴ ഇനത്തിൽ ഈടാക്കാനുള്ള ബാലൻസ് തുകയായ 8224/- (10675-2451) രൂപ കൂടി കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. എസ്റ്റിമേറ്റില്ലാതെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 19832/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
പ്രോജക്റ്റ് അലംഭാവമായിട്ടാണ് കൈകാര്യം ചെയ്തതെന്ന് രേഖകളിലെ തീയതികളിലെ പൊരുത്തക്കേടുകൾ സൂചിപ്പിക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

*പ്രോജക്റ്റ് അനുബന്ധ വിവരം*

*ആകെ വകയിരുത്തൽ - 1347175/- (വികസന ഫണ്ട്)*
*തൻവർഷം 615469/- രൂപ വകയിരുത്തി 198578/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. (ബിൽ നം. 06/18-19/12.10.18)*
*ആകെ പ്രവൃത്തി മൂല്യം 6,63,629/-.*
*അളവ് പുസ്തകം- 60/17-18,01/18-19*

### 1-29 പഞ്ചായത്ത് പ്രസിഡന്റിന്റെ ഓഫീസ് റൂം നവീകരണവും മറ്റ് അനുബന്ധ പ്രവൃത്തികളും- അപാകതകൾ

പഞ്ചായത്ത് പ്രസിഡന്റിന്റെ ഓഫീസ് റൂം നവീകരണവും മറ്റ് അനുബന്ധ പ്രവൃത്തികളും എന്ന പദ്ധതി 4.50 ലക്ഷം രൂപ അടങ്കലിൽ 376214/- രൂപ ചെലവഴിച്ച് നടപ്പാക്കുകയുണ്ടായി.
ബിൽ നം. 05/18-19 തീയതി. 07.09.2018 – 32262/-
ചെക്ക് നം. 3068175/08.08.2018- 343952/-
പ്രസ്തുത മരാമത്ത് പ്രവൃത്തിയുടെ നടത്തിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സുനിൽ എം, സുനിൽ മൻസിൽ എന്ന കരാറുകാരന്റെ 4.16% കുറഞ്ഞ നിരക്ക് അംഗീകരിച്ച് (എസ്റ്റിമേറ്റ് തുക – 437234.83/- ; ക്വാട്ട് ചെയ്ത തുക – 419051.21/-) 27.12.2017 -ൽ സെലക്ഷന് നോട്ടീസ് നൽകുകയുണ്ടായി. നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ (09.01.2018) കരാർ വെയ്ക്കാത്ത പക്ഷം 1% പിഴയോടെ കരാർ വെയ്ക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ കരാറുകാരൻ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടത് 18.01.2018-ൽ മാത്രമാണ്. (കരാർ നം.35/AE/LSGD/PNGP/17-18 തീയതി. 18.01.2018). വൈകി കരാറിലേർപ്പെട്ടതിന് ക്രമപ്രകാരം പിഴ ഈടാക്കിയിട്ടില്ല.
2. അളവ് പുസ്തകത്തിന് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.
3. റിവൈസ്ഡ് എസ്റ്റിമേറ്റിന് 05.01.2018-ലെ I(3)-ാം നമ്പർ തീരുമാനം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനങ്ങളായി ചില പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. (E1 to E8). എന്നാൽ പ്രസ്തുത ഇനങ്ങൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ള കിഴിവ് കൃത്യമായി കുറയ്ക്കാത്തതു മൂലം അധിക തുക നൽകിയിട്ടുണ്ട്.

| എക്സ്ട്രാ ഇനം | റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് | അനുവദിച്ച് നൽകിയ നിരക്ക് | നൽകിയ തുക | നൽകേണ്ടിയിരുന്ന നിരക്ക് (-)4.16% | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| E1 | 3478.69/No. | 3484.76/ 1No. | 3484.76 | 3333.97/ 1No. | 3333.97 | 153.79 |
| E2 | 192.54/m | 187.35/ 25 m | 4683.75 | 184.53/ 25 m | 4613.25 | 70.50 |
| E3 | 260.90/m | 253.86/ 15m | 3807.90 | 250.04/ 15 m | 3750.60 | 57.30 |
| E4 | 731.75/kg | 711.99/ 99.24kg | 70657.88 | 701.30/ 99.24kg | 69597.01 | 1060.87 |
| E5 | 496.16/$m^2$ | 482.77/ 55$m^2$ | 26552.35 | 475.51/ 55$m^2$ | 26153.05 | 399.25 |

| | | | | | | |
|---|---|---|---|---|---|---|
| E6 | 2815.08/E | 2739.07/ 3 Nos. | 8217.21 | 2697.97/ 3 Nos. | 8093.91 | 123.30 |
| E7 | 5412.52/E | 5266.38/ 4Nos. | 21065.52 | 5187.35/ 4Nos. | 20749.40 | 316.12 |
| E8 | 495.49/m | 482.11/ 18m | 8677.98 | 474.87/ 18 m | 8547.66 | 130.32 |
| | | | | | **ആകെ** | **2311.45** |

(തൻവർഷം പൂർത്തീകരിച്ച "മൃഗാശുപത്രിയ്ക്ക് ചുറ്റുമതിലും അനുബന്ധ സൌകര്യങ്ങളും ഒരുക്കൽ " എന്ന പ്രോജക്ടിലും എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും കരാറുകാരൻ ഒറിജിനൽ എസ്റ്റിമേറ്റിൽ ക്വാട്ട് ചെയ്ത 16.99% കിഴിവ് എക്സ്ട്രാ ഇനങ്ങൾക്ക് വരുത്തിയിട്ടുണ്ട്).

അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/07.03.2020) ലഭിച്ച മറുപടിയിൽ കരാർ കാലാവധി കമ്മിറ്റി തീരുമാനം പ്രകാരമാണ് നീട്ടി നൽകിയതെന്നും എം.ബുക്കിന്റെ കാര്യത്തിൽ പിഴവ് പറ്റിയതാണെന്നും രജിസ്റ്റർ പ്രകാരം നമ്പർ ചേർത്തു കൊള്ളാമെന്നും എസ്കട്രാ ഇനത്തിന് അധികം നൽകിയ തുക തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് മറുപടിയിൽ ഹാജരാക്കിയിട്ടില്ല. പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2009 (6) ന വിരുദ്ധമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് ക്രമ വിരുദ്ധമാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ(419051/-) 1% (മിനിമം - 1000/-, മാക്സിമം -25000/-) തുകയായ 4191/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. കൂടാതെ എക്സ്ട്രാ ഇനങ്ങൾക്ക് ക്വാട്ട് ചെയ്ത കിഴിവ് വരുത്താതിരുന്നതു മൂലം കരാറുകാരന് അധികം നൽകിയ 2311/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

### 1-30 മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽസ് സപ്ലൈയറിൽ നിന്നും ജി.എസ്.ടി സ്രോതസ്സിൽ കിഴിവ് ചെയ്തില്ല

ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവർത്തികൾക്കായി നടത്തിയ മെറ്റീരിയൽസ് വാങ്ങലുകൾക്ക് ജി.എസ്.ടി ബാധകമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

കരാറുകാരൻ: ശ്രീ മനേഷ് കുരുവിള

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|
| 1 | 8-ാം വാർഡിലെ നടപ്പാത നിർമ്മാണം<br>എം. ബുക്ക് നം.- 13/18-19<br>പ്രവൃത്തിമൂല്യം- 415027/- | 7305/- |

| | | |
|---|---|---|
| | എഫ്.റ്റി. ഒ. നം. 634473/31.03.2019<br><br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക- 365249/- | |
| 2 | 4-ാം വാർഡിലെ കോൺക്രീറ്റ് റോഡ് നിർമ്മാണം<br><br>എം. ബുക്ക് നം.- 59/18-19<br><br>പ്രവൃത്തിമൂല്യം- 489111/-<br><br>എഫ്.റ്റി. ഒ. നം. 591024/14.03.2019<br><br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-402385/- | 8048/- |
| 3 | 5-ാം വാർഡിലെ കോൺക്രീറ്റ് റോഡ് നിർമ്മാണം-ഘട്ടം I<br><br>എം. ബുക്ക് നം. 17/18-19<br><br>പ്രവൃത്തിമൂല്യം- 491851/-<br><br>എഫ്.റ്റി. ഒ. നം. 591024/14.03.2019<br><br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-402385/- | 8048/- |
| 4 | 5-ാം വാർഡിലെ കോൺക്രീറ്റ് റോഡ് നിർമ്മാണം-ഘട്ടം III<br><br>എം. ബുക്ക് നം. 30/18-19<br><br>പ്രവൃത്തിമൂല്യം- 489223/-<br><br>എഫ്.റ്റി. ഒ. നം. 591024/14.03.2019<br><br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-402261/- | 8045/- |
| 5 | 9-ാം വാർഡിലെ നടപ്പാത നിർമ്മാണം<br><br>എം.ബുക്ക് നം. 11/18-19<br><br>പ്രവൃത്തിമൂല്യം-408354/-<br><br>എഫ്.റ്റി. ഒ. നം. 634473/31.03.2019<br><br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-363976/- | 7280/- |
| 6 | 5-ാം വാർഡിലെ നടപ്പാത നിർമ്മാണം ഘട്ടം -I<br><br>എം.ബുക്ക് നം. 61/18-19<br><br>പ്രവൃത്തിമൂല്യം-496353/-<br><br>എഫ്.റ്റി. ഒ. നം. 591024/14.03.2019<br><br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-404827/- | 8096/- |

| | | |
|---|---|---|
| | ആകെ | 46,822/- |

2017-ലെ ജി.എസ്.റ്റി. ആക്റ്റ് സെക്ഷൻ 51(1) പ്രകാരം സപ്ലൈയർക്ക് പണം നൽകുന്ന സമയത്ത് കരാർ തുക ജി.എസ്.റ്റി. ഉൾപ്പെടാതെ 2.50 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയുടെ 2% തുക ( 1% CGST→ 23411/- & 1% SGST→ 23411/-) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്യേണ്ടതാണ്. ജി.എസ്.റ്റി ഇനത്തിലെ 2% തുക സ്രോതസ്സിൽ നിന്നും ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്. അല്ലാത്ത പക്ഷം സപ്ലൈയർ ഈ തുക ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കേണ്ടതാണ്. ഈയിനത്തിൽ 6 റോഡ് പ്രവൃത്തികളിലുമായി ആകെ **46,822/-** രൂപ നികുതി ഈടാക്കേണ്ടിയിരുന്നു. റോഡ് വർക്കുകളിൽ മെറ്റീരിയൽസ് സപ്ലൈക്കായി കരാർ വച്ചതിന്റെ രേഖകൾ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. പദ്ധതികൾ നടപ്പാക്കുന്ന വേളയിൽ ആവശ്യമായ എല്ലാ രേഖകളും ഉറപ്പുവരുത്തുവാനും നിയമാനുസൃത നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വാടക കുടിശ്ശിക ഈടാക്കുന്നില്ല

2018-19 സാമ്പത്തിക വർഷം വാടകയിനത്തിലുള്ള കുടിശ്ശിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേരും മേൽവിലാസവും | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | X/525 | സിബി, നെടുംപറമ്പ്പുന്നപ്ര.പി.ഒ | 861 | 861x12=10,332 |
| 2 | VII/202 | മാനേജർ മാവേലി സ്റ്റോർ പുന്നപ്ര | 1749 | 1749x1=1749 |
| ആകെ | | | | 12081 |

തൻ വർഷം 12081/- രൂപ വാടകയിനത്തിൽ കുടിശ്ശികയുണ്ട്. വാടക കുടിശ്ശിക ബന്ധപ്പെട്ടവരിൽ നിന്നും തുക ഒടുക്കുന്ന തീയതി വരെയുള്ള പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ പുനർ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ക്വട്ടേഷൻ ക്ഷണിക്കാതെ കുമ്മായം വാങ്ങി – 18080/-രൂപ അധികം ചെലവഴിച്ചു

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങൽ (പ്രോജക്റ്റ് നം 61/2019) എന്ന പ്രോജക്റ്റിന്റെ ഭാഗമായി വേമ്പനാട് ലൈം ഇൻഡസ്ട്രീസ്, മണ്ണഞ്ചേരിയിൽ നിന്നും 26.7.2018ൽ കിലോഗ്രാമിന് 12.26 രൂപ നിരക്കിൽ എട്ട് മെട്രിക് ടൺ (8000Kg) കുമ്മായവും, ആലുംമൂട്ടിൽ ഏജൻസീസ് ഞാറയ്ക്കൽ നിന്നും 22.8.2018ൽ കിലോഗ്രാമിന് 10/- രൂപ നിരക്കിൽ 2500Kg കുമ്മായവും വാങ്ങിയിട്ടുണ്ട്. മാസങ്ങൾക്ക് മുമ്പ് ആസൂത്രണം ചെയ്ത പ്രോജക്റ്റ് പ്രകാരം രണ്ട് സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ കുമ്മായം വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. കുമ്മായം വാങ്ങുന്നതിനായി

17.8.2018-ൽ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത (കിലോഗ്രാമിന് 10/- രൂപ) ആലുംമൂട്ടിൽ ഏജൻസീസ് ഞാറയ്ക്കൽ എന്ന സ്ഥാപനത്തിൽ നിന്നും 22.8.2018ൽ 2500Kg കുമ്മായം വാങ്ങുകയും ബിൽ നം 10/22.10.2018 പ്രകാരം സ്ഥാപനത്തിന് 25000/- രൂപ നൽകുകയും ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായി. എന്നാൽ 98,080/- രൂപ (ബിൽ നം 02/20.8.2018) ചെലവഴിച്ച് വേമ്പനാട് ലൈം ഇൻഡസ്ട്രീസ്, മണ്ണഞ്ചേരിയിൽ നിന്നും 26.7.2018ൽ എട്ട് മെട്രിക് ടൺ (8000Kg) കുമ്മായവും വാങ്ങിയതിന്റെ ക്വട്ടേഷനുകൾ പരിശോധനയ്ക്കായി നൽകിയില്ല.

വേമ്പനാട് ലൈം ഇൻഡസ്ട്രീസിൽ നിന്നും കുമ്മായം വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ക്വട്ടേഷൻ ക്ഷണിക്കാതെ വേമ്പനാട് ലൈം ഇൻഡസ്ട്രീസിൽ നിന്നും കൂടിയ നിരക്കിൽ കുമ്മായം വാങ്ങിയതിലൂടെ 18080/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012-ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പൊതു മരാമത്ത് മാന്വലിലെ മേൽ വ്യവസ്ഥ പാലിക്കാതെ താഴെ കൊടുത്തിട്ടുള്ള പ്രോജക്റ്റിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം | പ്രവൃത്തിയുടെ വിശദാംശം | സെലക്ഷൻ നോട്ടീസ് തീയതി | കരാറുകാരൻ/കരാർ നം./തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | വാർഡ് -16 - വടക്കേതയ്യിൽ വിൻസന്റിന്റെ വീട് മുതൽ കിഴക്കോട്ട് ടാറിംഗ് പ്രോ. നം. 105/19<br>അടങ്കൽ തുക-650000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>പ്രവൃത്തി മൂല്യം- 642640/-<br>എം.ബുക്ക് നമ്പർ-75/17-18 (പേജ് നം. 22,23)<br>ബിൽ നം. 02/18-19 /12.06.18- 638805/-)<br>( 13 Nos @295- 3835) | 27.12.17 | സുനിൽ എം., സുനിൽ മൻസിൽ<br>34/AE/LSGD /PNGP/18-19 തീയതി-18.01.18 | 642050/- | 6421/- |

27.12.17-ലെ സെലക്ഷൻ നോട്ടീസിൽ, നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വെയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 14 ദിവസം തികയുന്ന 10.01.2018 നുള്ളിൽ കരാർ വെയ്ക്കാൻ ആവശ്യപ്പെടുന്നതിനു പകരം പിഴ കൂടാതെ കരാറിലേർപ്പെടാൻ 19/01/2018 എന്ന തീയതിയാണ് സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല കരാറുകാരൻ 01.01.2018-ൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുമുണ്ട്.

അപാകതയിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ പിഴ തുക ഈടാക്കുന്നതിനുള്ള മറുപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പിഴ ഈടാക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിലനിർത്തുന്നതാണ്.

### 3-3 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് ക്രമപ്രകാരം പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതുമാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.( Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പുതുക്കിയ കാലാവധിയ്ക്കനുസൃതമായി സപ്ലിമെന്ററി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം,<br>കരാറുകാരൻ,<br>എം.ബുക്ക് നം,<br>പി.എ.സി. | കരാർ കാലാവധി,<br>കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | 09/AE/LSGD/PNGP17-18/ dt: 08.12.2017<br>ശ്രീ. പി.റ്റി. അപ്പച്ചൻ<br>48/17-18<br>പ്രോ.നം. 103/19<br>(വാർഡ്-4- പ്ലാപ്പള്ളി-പൊള്ളേപ്പറമ്പ് പാലം വരെ റോഡ് ടാറിംഗ്)<br>പ്രവൃത്തിമൂല്യം-11,98,133/- രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽ നം. 01/18-19 /12.06.18- 586882/-<br>(ഫൈനൽ ബിൽ)<br>CC 1st &part bill- 601221/- | 3 മാസം.<br>(08.03.18) | 21.03.2018 | 0 | 11968/- |

| | | | | | |
|---|---|---|---|---|---|
| | എഗ്രീഡ് പി.എ.സി- 11,96,784/- | | | | |
| 2 | 07/AE/LSGD/PNGP/17-18/ dt: 05.12.2017<br>ശ്രീ. സാബു വി.എസ്.<br>07/17-18, 27/17-18 & 54/17-18<br>പ്രോ.നം. 111/19 (ആയുർവേദാശുപത്രി കെട്ടിട പൂർത്തീകരണം)<br>പ്രവൃത്തിമൂല്യം- 303464/-രൂപ<br>(നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>ബിൽനം. 17/18-19/ തീയതി:15.02.19- 141841/-(final bill)<br>CC 1st &part bill- 161623/-<br>എഗ്രീഡ് പി.എ.സി- 340921/- | 5 മാസം<br>(05.05.2018 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 05.01.18-ൽ AS & TS നല്കിയതിനാൽ 05.06.2018-ൽ പൂർത്തീകരി ക്കേണ്ടതായിരുന്നു) | 23.06.2018<br>(എം.ബുക്ക്. 27/18) | 1418/- | 3409/- |

ടി അപാകതയിന്മേലുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ 06.03.2020-ലെ ഓഡിറ്റന്വേഷണത്തിന് ലഭിച്ച മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പിഴ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി നിലനിർത്തുന്നതായിരിക്കും.

### 3-4 മൃഗാശുപത്രിയ്ക്ക് ചുറ്റുമതിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

2018-19 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടാണ് മൃഗാശുപത്രിയ്ക്ക് ചുറ്റുമതിലും അനുബന്ധ സൌകര്യങ്ങളും ഒരുക്കൽ(പ്രോജക്ട് നം. 108/19). ചുറ്റമതിൽ നിർമ്മാണം, ആശുപത്രിയുടെ ഒന്നാം നില നിർമ്മാണം, പ്ലോട്ട് ഫില്ലിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തു നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുറ്റമതിൽ നിർമ്മാണം, മൃഗാശുപത്രി കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണം, പ്ലോട്ട് ഫില്ലിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള ഇനങ്ങൾക്ക് വിശദമായ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയാറാക്കാതെ LumpSum ആയി 60000/- രൂപ നീക്കിവെച്ചാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല.
2. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ ഷാഹുൽ ഹമീദ് സി.എസ്. എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച്

27.11.2017-ൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. (നം. AE/1/17-18) .നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം അതായത് 11.12.2017 നകം കരാർ വെയ്ക്കാത്ത പക്ഷം 1% പിഴയോടെ കരാർ വെയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ടിയാൾ കരാർ വെയ്ക്കാതിരുന്നതിനെ തുടർന്ന് 27.12.2017-തീയതിയിലെ കത്ത് പ്രകാരം 1% പിഴയോടുകൂടി ഒരാഴ്ചയ്ക്കകം കരാർ വെയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഫയലിലുള്ള കരാർ പത്രത്തിൽ ഗീതാകുമാരി.എസ്. ആലപ്പുഴ എന്ന സ്റ്റാമ്പ് വെണ്ടറിൽ നിന്നും 08/12/2017-ൽ മുദ്രപത്രം വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാർ ഉടമ്പടിയിൽ 17/AE/LSGD /PNGP/17-18/15.11.2017 എന്ന് രേഖപ്പെടുത്തി കാണുന്നു. കൂടാതെ കരാർ പത്രത്തിൽ 2018 വർഷം നവംബർ 17 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ പത്രത്തിൽ തന്നെ വ്യത്യസ്ത തീയതികൾ കാണുന്നു.

3. Acknowdegement form for Handing over site to the contractor എന്ന ഫോമിൽ കരാറുകാരൻ 15.11.2017-ൽ പ്രവൃത്തിയ്ക്കായി സൈറ്റ് കൈയേറ്റതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. സെലക്ഷൻ നോട്ടീസ് ലഭിക്കുന്നതിനു മുൻപു തന്നെ കരാറുകാരൻ എപ്രകാരമാണ് സൈറ്റ് പ്രവൃത്തിയ്ക്കായി കൈയേറ്റതെന്ന് വ്യക്തമല്ല.

4. കരാർ രജിസ്റ്റർ പേജ് നം. 40-ൽ കരാർ നം. 17/AE/LSGD/PNGP/17-18/തീയതി 05.01.2018 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ ഒപ്പു വെച്ച തീയതി 05.01.2018 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കയച്ച D1-365(b)/2018 നമ്പർ കത്തിൽ CC 2nd & Final ബില്ലിലെ സൂചനയിൽ കരാർ നം. തീയതിയായി 17/AE/LSGD/PNGP/17-18/തീയതി. 18.01.2018 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

5. അളവ് പുസ്തകം നം. 01/18-19 പേജ് നം. 3 -ൽ ഇലക്ട്രിഫിക്കേഷൻ (As per Bill) എന്ന് രേഖപ്പെടുത്തി 19832/- രൂപ അനുവദിച്ചിട്ടുണ്ട്. Hanna Traders കളിത്തട്ട്, പുന്നപ്ര എന്ന സ്ഥാപനത്തിന്റെ നമ്പർ/തീയതി രഹിത ഇലക്ട്രിക്കൽ സാമഗ്രികൾ ഇനത്തിലെ 15332/- രൂപയുടെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. പറവൂർ ആയുർവേദാശുപത്രിയുടേയും മൃഗാശുപത്രിയുടേയും മുകളിലത്തെ നില വയറിംഗ് ചെയ്ത ഇനത്തിൽ ലേബർ ചാർജ്ജിനത്തിൽ കരാറുകാരനിൽ നിന്ന് 4500/- രൂപ കൈപ്പറ്റിയതായി ശ്രീ.അശോക് കുമാർ പുന്നപ്ര എന്നയാളുടെ വൗച്ചറും ഹാജരാക്കിയിട്ടുണ്ട്. മൃഗാശുപത്രി കെട്ടിടത്തിന്റെ അനുബന്ധ സൗകര്യമൊരുക്കൽ പ്രോജക്ടിൽ ആയുർവേദാശുപത്രിയുടെ വയറിംഗും ഉൾപ്പെടുത്തിയതായി ഇതിൽ നിന്ന് വ്യക്തമാകുന്നു. എസ്റ്റിമേറ്റില്ലാതെ, വാങ്ങിയ സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്താതെയും സാധനങ്ങൾ സ്റ്റോക്കിലെടുത്താതെയും വൗച്ചറിനനുസൃതമായി തുക നൽകി.

6. കരാറുകാരൻ ക്വാട്ട് ചെയ്ത തുക 10,67,518.72/- രൂപയാണ്. ആകെ അടങ്കൽ തുക 1347175/- . എസ്റ്റിമേറ്റ് തുകയിൽ നിന്നും 16.99% കുറവ്. പെനാൽറ്റിയായി 2451/- രൂപ കരാറുകാരനിൽ നിന്നും വസൂലാക്കിയിട്ടുണ്ട്. കരാർ കാലാവധി 6 മാസമായിരിക്കെ 31.05.2018-ൽ പ്രവൃത്തി പൂർത്തിയാക്കിയതായി അളവ് പുസ്തകം പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. കരാർ തീയതി 05.01.2018 ആണെങ്കിൽ പ്രവൃത്തി കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. യഥാസമയം കരാറിലേർപ്പെടാതിരുന്നതിനുള്ള പിഴയാണെങ്കിൽ ടി തുക കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

അപാകതകളിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി LumpSum ആയി തുക ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നുവെന്നാലും പ്രവൃത്തി പൂർത്തീകരണ സമയത്ത് അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ അശോക് കുമാറിന് 19832/- രൂപയുടെ ബിൽ തുക നൽകിയിട്ടുള്ളതെന്നും കരാർ രജിസ്റ്റർ പ്രകാരം 05.01.2018-ൽ ആണ് കരാർ ചമച്ചിട്ടുള്ളതെന്നും കരാർപത്രത്തിൽ ക്ലറിക്കൽ പിശക് സംഭവിച്ച പോയതാണെന്നും ആയുർവേദാശുപത്രിയും മൃഗാശുപത്രിയും ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന രണ്ടു കെട്ടിടങ്ങളാണെന്നും സാധന സാമഗ്രികളുടെ ക്വാളിറ്റി പരിശോധിച്ചുറപ്പുവരുത്തി ബിൽ തുക നൽകിയിട്ടുള്ളതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. കൂടാതെ കരാർ വെയ്ക്കാൻ കാലതാമസമുണ്ടായതിനാണ് പിഴയായി 2451/- രൂപ ഈടാക്കിയതെന്നും മറുപടിയിൽ പ്രസ്താവിച്ചുട്ടുള്ളത്.
താഴെ പറയുന്ന വസ്തുതകളാൽ പ്രസ്തുത മറുപടി അപാകതകളെ സാധൂകരിക്കുന്നതല്ല.
എസ്റ്റിമേറ്റ് തയാറാക്കാതെ ഇലക്ട്രിക്കൽ പ്രവൃത്തിയ്ക്കായി ബില്ല് പ്രകാരം തുക നൽകിയത് ക്രമ പ്രകാരമല്ല. കൂടാതെ ആയുർവേദാശുപത്രിയുടെ വയറിംഗും കൂടി ഉൾപ്പെടുത്തിയത് പ്രോജക്ടിലെ സുതാര്യത

ഇല്ലാതെയാകുന്നു. ആയതിന്റേയും എസ്റ്റിമേറ്റ് ലഭ്യമല്ല. യഥാസമയം കരാറിലേർപ്പെടാതെ നിശ്ചിത തീയതിയായ 11.12.2017 ന് ശേഷം 05.01.2018-ൽ മാത്രമാണ് കരാറിലേർപ്പെട്ടതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. കരാർ തുകയായ 1067518.72/- രൂപയുടെ 1% തുക പിഴയായി 10675/- കരാറുകാരനിൽ നിന്നും ഈടാക്കണ്ടേതിന് പകരം2451/- രൂപ മാത്രമാണ് ടി ഇനത്തിൽ ഈടാക്കിയിട്ടുള്ളത്.

പിഴ ഇനത്തിൽ ഈടാക്കാനുള്ള ബാലൻസ് തുകയായ 8224/- (10675-2451)രൂപ കൂടി കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. എസ്റ്റിമേറ്റില്ലാതെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 19832/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
പ്രോജക്ട് അലംഭാവമായിട്ടാണ് കൈകാര്യം ചെയ്തതെന്ന് രേഖകളിലെ തീയതികളിലെ പൊരുത്തക്കേടുകൾ സൂചിപ്പിക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

*പ്രോജക്ട് അനുബന്ധ വിവരം*

*ആകെ വകയിരുത്തൽ – 1347175/- (വികസന ഫണ്ട്)*
*തൻവർഷം 615469/- രൂപ വകയിരുത്തി 198578/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. (ബിൽ നം. 06/18-19/12.10.18)*
*ആകെ പ്രവൃത്തി മൂല്യം 6,63,629/-.*
*അളവ് പുസ്തകം- 60/17-18,01/18-19*

## 3-5 പഞ്ചായത്ത് പ്രസിഡന്റിന്റെ ഓഫീസ് റൂം നവീകരണവും മറ്റ് അനുബന്ധ പ്രവൃത്തികളും - അപാകതകൾ

പഞ്ചായത്ത് പ്രസിഡന്റിന്റെ ഓഫീസ് റൂം നവീകരണവും മറ്റ് അനുബന്ധ പ്രവൃത്തികളും എന്ന പദ്ധതി 4.50 ലക്ഷം രൂപ അടങ്കലിൽ 376214/- രൂപ ചെലവഴിച്ച് നടപ്പാക്കുകയുണ്ടായി.
ബിൽ നം. 05/18-19 തീയതി: 07.09.2018 – 32262/-
ചെക്ക് നം. 3068175/08.08.2018- 343952/-
പ്രസ്തുത മരാമത്ത് പ്രവൃത്തിയുടെ നടത്തിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.സുനിൽ എം, സുനിൽ മൻസിൽ എന്ന കരാറുകാരന്റെ 4.16% കുറഞ്ഞ നിരക്ക് അംഗീകരിച്ച് (എസ്റ്റിമേറ്റ് തുക – 437234.83/- ; ക്വാട്ട് ചെയ്ത തുക – 419051.21/-) 27.12.2017 -ൽ സെലക്ഷന് നോട്ടീസ് നൽകുകയുണ്ടായി. നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ (09.01.2018) കരാർ വെയ്ക്കാത്ത പക്ഷം 1% പിഴയോടെ കരാർ വെയ്ക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ കരാറുകാരൻ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടത് 18.01.2018-ൽ മാത്രമാണ്. (കരാർ നം.35/AE/LSGD/PNGP/17-18 തീയതി. 18.01.2018). വൈകി കരാറിലേർപ്പെട്ടതിന് ക്രമപ്രകാരം പിഴ ഈടാക്കിയിട്ടില്ല.
2. അളവ് പുസ്തകത്തിന് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.
3. റിവൈസ്ഡ് എസ്റ്റിമേറ്റിന് 05.01.2018-ലെ I(3)-ാം നമ്പർ തീരുമാനം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനങ്ങളായി ചില പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. (E1 to E8). എന്നാൽ പ്രസ്തുത ഇനങ്ങൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ള കിഴിവ് കൃത്യമായി കുറയ്ക്കാത്തതു മൂലം അധിക തുക നൽകിയിട്ടുണ്ട്.

| എക്സ്ട്രാ ഇനം | റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് | അനുവദിച്ച് നൽകിയ നിരക്ക് | നൽകിയ തുക | നൽകേണ്ടിയിരുന്ന നിരക്ക് (-)4.16% | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| E1 | 3478.69/No. | 3484.76/<br>1No. | 3484.76 | 3333.97/<br>1No. | 3333.97 | 153.79 |
| E2 | 192.54/m | 187.35/<br>25 m | 4683.75 | 184.53/<br>25 m | 4613.25 | 70.50 |
| E3 | 260.90/m | 253.86/<br>15m | 3807.90 | 250.04/<br>15 m | 3750.60 | 57.30 |
| E4 | 731.75/kg | 711.99/<br>99.24kg | 70657.88 | 701.30/<br>99.24kg | 69597.01 | 1060.87 |
| E5 | 496.16/$m^2$ | 482.77/<br>55$m^2$ | 26552.35 | 475.51/<br>55$m^2$ | 26153.05 | 399.25 |
| E6 | 2815.08/E | 2739.07/<br>3 Nos. | 8217.21 | 2697.97/<br>3 Nos. | 8093.91 | 123.30 |
| E7 | 5412.52/E | 5266.38/<br>4Nos. | 21065.52 | 5187.35/<br>4Nos. | 20749.40 | 316.12 |
| E8 | 495.49/m | 482.11/<br>18m | 8677.98 | 474.87/<br>18 m | 8547.66 | 130.32 |
| | | | | | **ആകെ** | **2311.45** |

(തൻവർഷം പൂർത്തീകരിച്ച "മൃഗാശുപത്രിയ്ക്ക് ചുറ്റുമതിലും അനുബന്ധ സൌകര്യങ്ങളും ഒരുക്കൽ" എന്ന പ്രോജക്ടിലും എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും കരാറുകാരൻ ഒറിജിനൽ എസ്റ്റിമേറ്റിൽ ക്വാട്ട് ചെയ്ത 16.99% കിഴിവ് എക്സ്ട്രാ ഇനങ്ങൾക്ക് വരുത്തിയിട്ടുണ്ട്).

അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/07.03.2020) ലഭിച്ച മറുപടിയിൽ കരാർ കാലാവധി കമ്മിറ്റി തീരുമാനം പ്രകാരമാണ് നീട്ടി നൽകിയതെന്നും എം. ബുക്കിന്റെ കാര്യത്തിൽ പിഴവ് പറ്റിയതാണെന്നും രജിസ്റ്റർ പ്രകാരം നമ്പർ ചേർത്തു കൊള്ളാമെന്നും എക്സ്ട്രാ ഇനത്തിന് അധികം നൽകിയ തുക തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് മറുപടിയിൽ ഹാജരാക്കിയിട്ടില്ല. പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009 (6) ന്റെ വിരുദ്ധമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് ക്രമ വിരുദ്ധമാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ(419051/-) 1% (മിനിമം - 1000/-, മാക്സിമം -25000/-) തുകയായ 4191/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. കൂടാതെ എക്സ്ട്രാ ഇനങ്ങൾക്ക് ക്വാട്ട് ചെയ്ത കിഴിവ് വരുത്താതിരുന്നതു മൂലം കരാറുകാരന് അധികം നൽകിയ 2311/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 2668104 | ലൈഫ് മിഷൻ | 2339504 | 328600 |
| | | 300000 | പാലിന് സബ്സിഡി | 300000 | 0 |
| | | 250000 | സപ്ലിമെന്ററി ന്യൂട്രീഷൻ | 250000 | 0 |
| | | 379500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 379500 | 0 |
| | | 314266 | പാലിയേറ്റീവ് | 314266 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാലിന് ഇൻസെന്റീവ് | 200000 | 0 |
| | | 975071 | ലൈഫ് മിഷൻ | 975071 | 0 |
| | | 400000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 400000 | 0 |
| | | 100000 | സപ്ലിമെന്ററി ന്യൂട്രീഷൻ | 100000 | 0 |
| | | 2500000 | പി.എച്ച്.സി. നിർമ്മാണം | 2500000 | 0 |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവക്കൽ. | 21801097 /28.01.2019 | 97721 | 0 | 97721 |
| നാഷണൽ ഹെൽത്ത് മിഷൻ | പി.എച്ച്. സിയ്ക്ക് അധിക സൗകര്യം | 33/28.06.2018 | 127962 | 0 | 127962 |
| | | 21801200/ 26.03.2019 | 2500000 | 0 | 2500000 |

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

### 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 19762150/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ലൈഫ് ഭവനനിർമ്മാണ പദ്ധതി | സ.ഉ. (സാധാ) നം. 68/2018 തസ്വഭവ | 19762150/- | | | | 19762150/- | |

| | | | | | | | |
|---|---|---|---|---|---|---|---|
| | തീയതി. 18.05.2018, 111/2018 തസ്വഭവ തീയതി 13.08.2018 | | | | | | |

**4-5. സ്ഥിരനിക്ഷേപങ്ങൾ**

--ഇല്ല--

**4-6. ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല.

**4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

--ഇല്ല--

**4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം**

2018-19 വർഷം സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

**4-9. ഓഡിറ്റ് പ്രത്യവലോകനം**

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95855448 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90391334 |
| വരവിനങ്ങളിലുള്ള നഷ്ടം | 12081 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 53186 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 418687 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 12081/- | | ശ്രീ. വി.ജെ. പോൾ, സെക്രട്ടറി |
| 3-1 | | 18080/- | ഡോ. സുലേഖാ റാണി, മെഡിക്കൽ ഓഫീസർ |
| 3-2 | | 6421/- | ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 11968/- | ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എൻജിനീയർ |
| | | 1991/- | ശ്രീമതി. ശാലിനി.എസ് |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എൻജിനീയർ |
| 3-4 | | 8224/- | ശ്രീമതി. ശാലിനി.എസ് അസിസ്റ്റന്റ് എൻജിനീയർ |
| 3-5 | | 6502/- | ശ്രീമതി. ശാലിനി.എസ് അസിസ്റ്റന്റ് എൻജിനീയർ |
| **ആകെ** | 12081 | 53186 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 97721/- | ശ്രീ.വി.ജെ.പോൾ, സെക്രട്ടറി |
| 1-22 | 131294/- | ശ്രീ. വി.ജെ. പോൾ, സെക്രട്ടറി |
| 1-23 | 169840/- | ശ്രീ. ജഗന്നാഥൻ. ബി,കൃഷി ഓഫീസർ |
| 1-28 | 19832/- | ശ്രീമതി. ശാലിനി.എസ് അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 418687 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-30 കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം - 23411/-(CGST)
1-30 സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം - 23411/-(SGST)

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സുലേഖാ റാണി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | അത്തിമുറ്റം, വെളിയനാട്, ചങ്ങനാശ്ശേരി. |
| ശ്രീ. വി. ജെ. പോൾ, സെക്രട്ടറി | സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | വട്ടത്തിൽ, വട്ടയാൽ വാർഡ്, തിരുവമ്പാടി. പി. ഒ, ആലപ്പുഴ |
| ശ്രീമതി. ഷൈന ഹാഷിം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഏരൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല | കുന്നുവിള, കുരക്കാനി, വർക്കല. പി. ഒ, തിരുവനന്തപുരം. |
| ശ്രീമതി.ശാലിനി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | ശാന്താലയം, അരിനെല്ലൂർ.പി.ഒ. അരിനെല്ലൂർ |

**4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| | |
|---|---|
| 2002-2003 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2003-04 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2004-05 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2005-06 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2006-07 | എൽ.എഫ്.എ9/1287/2008, 17.07.2009/11.09.2009 |
| 2007-08 | എൽ.എഫ്.എ9/1288/2009, 17.04.2010/17.06.2011 |
| 2008-09 | എൽ.എഫ്.പി4/1307/2010, 27.04.2011/30.04.2011 |
| 2009-10 | എൽ.എഫ്.പി4/ 1308/2010, 27.04.2011/30.04.2011 |
| 2010-11 | എൽ.എഫ്.പി 8 /231/2012, 09.08.2012/ 22.09.2012 |
| 2011-12,2012-13 | എൽ.എഫ്.പി 8/995/2013, 17.02.14/09.04.14 |
| 2013-14 | എൽ.എഫ്.പി8/1509/2014, 21.10.14/06.01.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി8-850/16, 1/8/2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി8 40/17, 19/1/17 – 2/2/17 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8-1174/17, തീയതി – 19.09.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി8-311/19, തീയതി – 16.05.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം - 1
## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ